




മത്സ്യമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച്
സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ നേതാവ് ടി. പീറ്റർ

# മത്സ്യമേഖല പ്രതിസന്ധിയിൽ

മത്സ്യമേഖല ഏറെ പ്രതിസന്ധി നേരിടുന്ന കാലഘട്ടമാണിത്. മത്സ്യതൊഴിലാളികൾ പണ്ടെന്നത്തേക്കാളും മത്സ്യസമ്പത്തിന്റെ ശോഷണം മൂലമുള്ള കെടുതികൾ നേരിട്ടു കൊണ്ടിരിക്കുന്നു.

മത്സ്യതൊഴിലാളികളെ ഏറെ ദുരിതത്തിലാക്കുന്ന മറ്റൊരു നടപടിയാണ് കേന്ദ്രസർക്കാരിന്റെ മത്സ്യ ഇറക്കുമതി നയം. ഇന്ത്യ ആസിയാൻ കരാറിൽ ഒപ്പുവച്ചതോടുകൂടി 177 ഇനം മത്സ്യമാണ് ആസിയൻ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നത്. ഇപ്പോൾ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ നിന്നും മത്സ്യ ഇറക്കുമതിക്കുള്ള കരാറിൽ ഒപ്പുവയ്ക്കുവാനുള്ള അണിയറ നീക്കവും ആരംഭിച്ചിരിക്കുന്നു. വികസനത്തിന്റെയും ടൂറിസത്തിന്റെയും പേരിൽ മത്സ്യതൊഴിലാളി ജനവിഭാഗത്തെ കൂടുതൽ ദുരിതപൂർണ്ണമായ ആവശ്യത്തിലേക്ക് തള്ളിവിടാൻ ഭരണവർഗ്ഗം ശ്രമിക്കുമ്പോൾ ഉപജീവനത്തിനുവേണ്ടി കടലിനെയും ജലാശയങ്ങളെയും ആശ്രയിക്കുന്ന പരമ്പരാഗത - ചെറുകിട മത്സ്യതൊഴിലാളി സമൂഹം നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ പാതയിലാണ്.

വിദേശ മീൻപിടുത്തകപ്പലുകൾക്ക് നമ്മുടെ കടൽതുറന്നുകൊടുക്കുകയും അന്താരാഷ്ട്ര നിരക്കിൽ ഡീസൽ നൽകുകയും ചെയ്യുമ്പോൾ മണ്ണെണ്ണയ്ക്കും ഡീസലിനും സബ്സിഡി നൽകണമെന്ന മത്സ്യതൊഴിലാളികളുടെ ആവശ്യം നമ്മുടെ ഭരണകർത്താക്കൾ കണ്ടില്ലെന്ന് നടിക്കുന്നു. മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള നികുതി നാൾക്കുനാൾ വർദ്ധിപ്പിക്കുകകൂടി ചെയ്യുന്നു.

1991-ലെ തീരദേശ നിയന്ത്രണ നിയമത്തിൽ മത്സ്യതൊഴിലാളി സമൂഹത്തിന്റെ പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ അതിനെയൊക്കെ മാറ്റിമറിച്ചുകൊണ്ട് ടൂറിസം-വ്യവസായ ലോബികൾക്ക് കടൽതീരവും തീരക്കടലും കയ്യടക്കാൻ അവസരമൊരുക്കുന്ന തരത്തിൽ തീരദേശ നിയന്ത്രണ നിയമത്തിൽ മാറ്റം വരുത്താനാണ് വനം-പരിസ്ഥിതി മന്ത്രാലയം ശ്രമിക്കുന്നത്. മത്സ്യതൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുള്ള തടസങ്ങൾ നീക്കം ചെയ്യണമെന്ന ആവശ്യം പരിഗണിക്കാതെ ടൂറിസ്റ്റ് റിസോർട്ടുകൾക്ക് യഥേഷ്ടം പ്രവർത്തിക്കാൻ അനുമതി നൽകുന്ന രീതിയാണ് അവലംബിച്ചുവരുന്നത്.

മാത്രവുമല്ല തീരപ്രദേശം ലക്ഷ്യമാക്കിയാണ് മിക്ക SEZ-ഉം (പ്രത്യേക സാമ്പത്തിക മേഖലകൾ) പ്രഖ്യാപിച്ചു വരുന്നത്. കടലിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന മത്സ്യതൊഴിലാളികളുടെ മേൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അടിച്ചേല്പിക്കുന്ന നിയന്ത്രണങ്ങൾ പലതും മത്സ്യതൊഴിലാളികളുടെ നിലനില്പിനെതന്നെ പ്രതികൂലമായി ബാധിച്ചുവരുന്നു. കടലാമയുടെ സംരക്ഷണത്തിന്റെ പേരിൽ ഒറീസയിലെ രണ്ട് ജില്ലകളിൽ മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനം അസാദ്ധ്യമായിരിക്കുന്നു. പവിഴപാർ (ക്വാറൽ റീഫ്) സംരക്ഷിക്കാനെന്ന പേരിൽ ഇന്ത്യയിലെ 32-ഓളം കടൽ പ്രദേശങ്ങൾ മറൈൻ പ്രൊട്ടക്ടഡ് ഏരിയകളായി പ്രഖ്യാപിച്ച് കഴിഞ്ഞു. ആ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സം നേരിടേണ്ടി വരുന്നു. അതേസമയം സേതുസമുദ്രം പ്രോജക്ടിന്റെ പേരിൽ തമിഴ്നാട്ടിൽ നിരവധി പവിഴ്പാർ പ്രദേശങ്ങൾ നാമാവിശേഷമാക്കികൊണ്ടിരിക്കുന്നു. ആ പ്രദേശത്തെ മത്സ്യസമ്പത്താകെ നശിപ്പിച്ചുകൊണ്ടുള്ള ഡ്രജിംഗ് ആണ് അവിടെ നടക്കുന്നത്. നിരവധി തീരപ്രദേശങ്ങൾ കപ്പൽ പൊളി കേന്ദ്രങ്ങൾ (ഷിപ്പ് ബ്രേക്കിംഗ് യാർഡ്സ്) ആയി മാറ്റികൊണ്ടിരിക്കുന്നു. വിദേശരാജ്യങ്ങളിലെ പഴക്കംചെന്ന കപ്പലുകൾ പൊളിക്കുവാൻ നമ്മുടെ രാജ്യത്താണ് അവർ ഇടം കണ്ടെത്തിയിരിക്കുന്നത്. ഇതുമൂലം ഉണ്ടാകാവുന്ന പാരിസ്ഥിക പ്രത്യാഘാതങ്ങളെക്കുറിച്ച് നമ്മുടെ ഭരണകർത്താക്കൾ ചിന്തിക്കുന്നു പോലുമില്ല. അശാസ്ത്രിയമായി വൻകിട സ്വകാര്യ ഹാർബറുകൾ നിർമ്മിക്കാനാണ് ഭരണകർത്താക്കൾ താല്പര്യം പ്രകടിപ്പിക്കുന്നത്. അനേകം തീരപ്രദേശങ്ങൾ പ്രത്യേകം ടൂറിസം സോണുകൾ ആയി തിരിച്ച്, അവിടെയും തീരദേശവാസികൾക്ക് പ്രവേശനം നിഷേധിക്കുവാനുള്ള അണിയറനീക്കം ആരംഭിച്ചുകഴിഞ്ഞു. ഇന്ത്യൻ കടലിലെവിടെയും മീൻ പിടിക്കാനുള്ള പരമ്പരാഗത - ചെറുകിട മത്സ്യതൊഴിലാളികളുടെ അവകാശത്തെ തകിടം മറിക്കുന്ന പുത്തൻ നിയമനിർമ്മാണത്തിന്റെ പടിപ്പുരയിലാണ് ഇപ്പോൾ കേന്ദ്ര കൃഷിമന്ത്രാലയം. 12 നോട്ടിക്കൽ മൈലിനപ്പുറം (22 കിലോമീറ്റർ) ചെറുകിട മത്സ്യതൊഴിലാളികൾക്ക് മീൻപിടുത്തത്തിൽ ഏർപ്പെടുന്നതിന് കർശന നിയന്ത്രണങ്ങളാണ് കൊണ്ടുവരുന്നത്. ഇത് വിദേശ മീൻപിടുത്ത കപ്പലുകൾക്ക് തീരക്കടലിലേക്ക് യഥേഷ്ടം കടന്നുവരാനുള്ള അവസരമൊരുക്കലാണ്.

സംസ്ഥാന സർക്കാരിന്റെ പുതിയ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ബിൽ 2010 -ഉം മത്സ്യതൊഴിലാളികളുടെയും മത്സ്യമേഖലയുടെയും സംരക്ഷണത്തിനുപരി ടൂറിസത്തിന് അക്വാകൾച്ചറിനുമുള്ള പ്രോത്സാഹനത്തിനാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. കടലാക്രമണം തടയുവാനെന്ന പേരിൽ സംസ്ഥാന സർക്കാർ കോടിക്കണക്കിനുരൂപ ചെലവഴിച്ച് കടൽഭിത്തി നിർമ്മിക്കുന്നത് ഒരുപിടി കോൺട്രാക്ടർമാരുടെയും ഉദ്യോഗസ്ഥ വെള്ളാനകളുടെയും കീശ വീർപ്പിക്കാൻ മാത്രമേ ഉപകരിക്കുന്നുള്ളൂ.

സമുദ്രനിരപ്പ് ഉയരുകയും കടലൊഴുക്കിൽ കാര്യമായ വ്യതിയാനം നേരിടുകയും മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുകയും ചെയ്യുന്ന ഈ പശ്ചാത്തലത്തിൽ മത്സ്യതൊഴിലാളികളുടെ നിലനിൽപ്പിനും മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും ഉതകുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിക്കാൻ ശാസ്ത്ര സമൂഹവും സർക്കാരും മത്സ്യതൊഴിലാളികളും മത്സ്യതൊഴിലാളി പ്രസ്ഥാനങ്ങളും പരിസ്ഥിതി പ്രവർത്തകരും ഒന്നിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ബന്ധങ്ങൾക്ക്: 9447429243